# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7179 16.07.2012ൽ മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിലെ നിലവാരത്തകർച്ച

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹൈക്കോടതി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ നിരീക്ഷണത്തിൽ സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിൽ ഉണ്ടായ നിലവാരത്തകർച്ച ഈ സർക്കാർ ഈ മേഖലയിൽ നടപ്പിലാക്കിയ അശാസ്ത്രീയമായ നടപടികൾമൂലമാണെന്ന അഭിപ്രായം പരിശോധിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിൽ ഉണ്ടായ നിലവാരത്തകർച്ച ഈ സർക്കാർ ഈ മേഖലയിൽ നടപ്പിലാക്കിയ അശാസ്ത്രീയമായ നടപടികൾമൂലമാണെന്ന അഭിപ്രായം ഇല്ല. |
| (ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ബാധകമല്ല. |
| (സി) സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിലെ നിലവാരത്തകർച്ച മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠനനിലവാരം പരിശോധിക്കുന്നതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത |

വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ന്യൂനതകൾ കണ്ടെത്തിയ സ്ഥാപന മേധാവികളുമായി ചർച്ച നടത്തുകയും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഗുണനിലവാരം സംബന്ധിച്ച് കർശനമായ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. കൂടാതെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് കോളേജുകളുടെ മുൻവർഷങ്ങളിലെ പഠന നിലവാരം പരിശോധിച്ച് തൃപ്തികരമാണെങ്കിൽ മാത്രം മതിയെന്നും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ